# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4333

04.02.2014 ൽ
മറുപടിയ്ക്ക്

## പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമം നടപ്പിലാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ.പി. കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശനിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>(ബി) സർക്കാർ സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;<br><br>(സി) നിയമമനുസരിച്ച് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഇൻഫർമേഷൻ ഓഫീസർ മാരെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) യും (ബി) യും (സി) യും പൊതുജനങ്ങൾ സമർപ്പിക്കുന്ന വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളും അപ്പീലുകളും തീർപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലും വകുപ്പിന് കീഴിലുള്ള ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പീൽ അധികാരികളേയും നിയമിച്ചിട്ടുണ്ട്. അപ്രകാരം ചുമതലപ്പെട്ട എല്ലാ ഇൻഫർമേഷൻ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും പേര് വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ വിവരാവകാശ സംബന്ധമായ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുകയും ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകുന്നുണ്ട്. സർക്കാർ, എയിഡഡ് സ്കൂളുകളിൽ അതത് സ്കൂളുകളിലെ പ്രഥമാധ്യാപകരെ ഇൻഫർമേഷൻ ഓഫീസർമാരായും എയിഡഡ് മേഖലയിലെ സ്കൂളുകളിൽ ബന്ധപ്പെട്ട മാനേജർമാരെ അവർ സൂക്ഷിപ്പുകാരായ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് അതത് സ്കൂളുകളിലെ ഇൻഫർമേഷൻ ഓഫീസർമാരായും 09.01.2014 ലെ സ.ഉ (എം.എസ്) നം. 10/2014/പൊ വി വ പ്രകാരം സ്ഥാന നിർണ്ണയം ചെയ്തിട്ടുമുണ്ട്. |
| (ഡി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ടവർക്കിടയിൽ വേണ്ടത്ര പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) വിവരാവകാശ നിയമത്തിന്റെ വിപുലമായ പ്രചാരണത്തിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ